# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 7919 — 24-07-2012-ൽ മറുപടിക്ക്

### ഊർജ്ജ കാര്യക്ഷമതാ സെസ്സ്

ചോദ്യം — ഉത്തരം

ശ്രീമതി. കെ.എസ്. സലീഖ — ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) യൂണിറ്റിന് ഒരു പൈസ നിരക്കിൽ എല്ലാ വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഊർജ്ജ കാര്യക്ഷമതാ സെസ്സ് പിരിക്കാൻ നിർദ്ദേശമുണ്ടോ; എങ്കിൽ ഇതിന് വൈദ്യുതി റഗുലേറ്ററി കമ്മിഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇതിലൂടെ എന്ത് തുക പ്രതിവർഷം സ്വരൂപിക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ; | (എ) യൂണിറ്റിന് ഒരു പൈസ നിരക്കിൽ എനർജി എഫിഷ്യൻസി സെസ്സ് എല്ലാ വൈദ്യുത ഉപഭോക്താക്കളിൽ നിന്നും പിരിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനു മുമ്പിൽ എനർജി മാനേജ്മെൻറ് സെൻറർ ഒരു പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. റഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടില്ല. 2010-11 ലെ സംസ്ഥാനത്തെ വൈദ്യുത ഉപഭോഗപ്രകാരം 14.5 കോടി രൂപ വർഷത്തിൽ ലഭിക്കുമെന്ന് കണക്കാക്കുന്നു. |
| (ബി) ഇത്തരത്തിൽ സ്വരൂപിക്കുന്ന പണം ഊർജ്ജ സംരക്ഷണ ഫണ്ടിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ പ്രസ്തുത തുക എപ്രകാരം വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. പ്രസ്തുത തുക താഴെപ്പറയും പ്രകാരം വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.<br>▲ ഊർജ്ജ ഓഡിറ്റ് സബ്സിഡി<br>▲ ഊർജ്ജ സംരക്ഷണ പദ്ധതിക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പ തുകയുടെ പലിശയുടെ ഒരു വിഹിതം നൽകുക.<br>▲ ഗാർഹിക ഉപഭോക്താക്കൾക്ക് ഊർജ്ജ കാര്യക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുക. |

- പൊതുമേഖലാ സ്ഥാപനങ്ങളുടെ ഊർജ്ജ കാര്യക്ഷമതാ പദ്ധതികൾക്ക് ധനസഹായം നൽകുക.
- പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഊർജ്ജ കാര്യക്ഷമത പദ്ധതികൾ (Performance Contract) നടപ്പിലാക്കുന്നതിന് സഹായം നൽകുക. കടബാധ്യതകൾക്ക് ഭാഗികമായി ഉറപ്പ നൽകുക.
- ബോധവൽക്കരണ പരിപാടി.

(സി) സംസ്ഥാന സർക്കാർ ഊർജ്ജ സംരക്ഷണ ഫണ്ടിന് രൂപം നൽകിയത് കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ?

(സി) ഊർജ്ജ സംരക്ഷണ നിയമം 2001 ലെ വകുപ്പ് 16 പ്രകാരം സംസ്ഥാന സർക്കാരുകൾ ഊർജ്ജ സംരക്ഷണ നിധി രൂപീകരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി രൂപീകരിച്ചത്.

സെക്ഷൻ ഓഫീസർ.